# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.51

### 29-10-2019 ൽ മറുപടിക്ക്

### സംസ്ഥാന വികസനത്തിൽ കിഫ്ബി വഹിക്കുന്ന പങ്ക്

| ചോദ്യം<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ജോർജ് എം. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) രാജ്യത്ത് സംജാതമായിട്ടുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ സാഹചര്യത്തിലും സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിനും വികസനം സാധ്യമാക്കുന്നതിനും കിഫ്ബി വഹിക്കുന്ന പങ്ക് വിശദമാക്കാമോ; | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. കിഫ് ആക്ട് നിഷ്കർഷിക്കുന്നതും റിസർവ് ബാങ്ക്, സെബി എന്നീ നിയന്ത്രണ ഏജൻസികൾ അംഗീകരിച്ചതുമായ വിവിധ ധനോപാധികളിലൂടെ ഒരു കൺട്രോൾഡ് ലെവറേജ് മാതൃകയെ അടിസ്ഥാനപ്പെടുത്തിയാണ് കിഫ്ബി പദ്ധതികൾക്കായുള്ള ധനസമാഹരണം നടത്തുന്നത്. ഇത്തരത്തിലുള്ള വികസന പ്രവർത്ത രീതി മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50000 കോടിയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. |
| (ബി) പ്രവർത്തന മികവും സുതാര്യതയും അന്താരാഷ്ട്ര നിലവാരം പുലർത്തിയതുവഴി | കിഫ്ബി മുന്നോട്ടുവെച്ച നൂതനമായ സാമ്പത്തിക ആശയം ഇതിനോടകം തന്നെ ദേശീയ അന്തർദേശീയ തലത്തിൽ ചർച്ച |

| | |
|---|---|
| പൊതു വിപണിയിൽ നിന്ന് ധനസമാഹരണം സാധ്യമാകുംവിധം മികച്ച റേറ്റിംഗ് രണ്ടാം വർഷവും കൈവരിക്കാൻ കിഫ്ബിക്ക് സാധിച്ചിട്ടുണ്ടോ; | ചെയ്യപ്പെട്ടതും നിക്ഷേപക സമൂഹം അംഗീകരിച്ചതുമാണ്. ചുരുങ്ങിയ കാലയളവിൽ തന്നെ പ്രശംസനീയമായ നേട്ടങ്ങൾ കിഫ്ബി കൈവരിച്ചിട്ടുണ്ട്. കിഫ്ബിയുടെ സംവിധാനങ്ങളുടെ മികവും ഉയർന്ന പ്രവർത്തന നിലവാരവും കണക്കിലെടുത്താണ് അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിങ് ഏജൻസികൾ **'BB - സ്റ്റേബിൾ ഔട്ട് ലുക്ക്'** എന്ന റേറ്റിങ് കിഫ്ബിയ്ക്ക് നൽകിയത്. ഒരുവർഷം കഴിഞ്ഞു നടത്തിയ വാർഷിക പുനരവലോകനത്തിനു ശേഷവും ഈ ഏജൻസികൾ അതേ റേറ്റിങ് നിലനിർത്തിയിട്ടുണ്ട്. |
| (സി) കഴിഞ്ഞ സർക്കാരിന്റെ അഴിമതി മറയ്ക്കുന്നതിനായി കിഫ്ബിക്കെതിരെ വ്യാജാരോപണങ്ങൾ ഉയർത്തുന്നവർ കിഫ്ബി വഴി നടപ്പാക്കുന്ന ഏതെങ്കിലും പദ്ധതി അനുവദിച്ചതിലോ പ്രാവർത്തികമാക്കുന്നതിലോ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ. | ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാം തന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകുവാനും അവ പൊതു ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഉപാധികളും ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർഥ്യം പൊതുസമൂഹത്തിനു മുന്നിൽ ഉടനടി ഫലപ്രദമായി എത്തിക്കുന്നതിനു സഹായകമായി. കിഫ്ബിയുടെ പദ്ധതികളെല്ലാം തന്നെ എല്ലാഘട്ടത്തിലും കൃത്യമായ സാങ്കേതിക പരിശോധനകൾക്ക് വിധേയമാകുന്നുണ്ട്. പദ്ധതിനിർവ്വഹണത്തിലുള്ള പോരായ്മകൾ എല്ലാ ഘട്ടത്തിലും ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കുകയും അവ തിരുത്തപ്പെടാത്ത പക്ഷം പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവെക്കുവാനും നിർദ്ദേശിക്കാറുണ്ട്. ഇത്തരത്തിൽ നിലവിൽ 12 പദ്ധതികൾ താത്കാലികമായി നിർത്തിവെച്ചിട്ടുണ്ട്. |
| (ഡി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് തുക അനുവദിക്കുന്നതുൾപ്പെടെ അടിസ്ഥാന സൗകര്യമേഖലയിലും വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതിവിതരണം തുടങ്ങിയ സാമൂഹ്യ സേവന മേഖലകളിലും സംസ്ഥാനം രാജ്യത്ത് പ്രഥമ സ്ഥാനം കരസ്ഥമാക്കുന്നതിൽ കിഫ്ബി | കേരളത്തിലെ ദേശീയപാത വികസന പദ്ധതികളിൽ ഭൂമി ഏറ്റെടുപ്പ് പ്രവർത്തികൾക്കായുള്ള ധനലഭ്യത ഒരു വിലങ്ങുതടിയാകുകയും ഇത് പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലവിളംബം ഉണ്ടാക്കുകയും ചെയ്ത സാഹചര്യത്തിലാണ് കിഫ്ബിയുടെ ധനസഹായംകൂടെ ഉൾപ്പെടുത്തുവാനുള്ള സാധ്യതകൾ തേടിയത്. ഇത്തരത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി നടത്തിയ |

| | |
|---|---|
| വഹിച്ച പങ്ക് വിശദമാക്കാമോ? | ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കലിനായി വേണ്ടിവരുന്ന തുകയുടെ 25% കിഫ്ബി മുഖേന വഹിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയായിരുന്നു. കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് ഇതൊരു സുപ്രധാന പങ്കുവഹിക്കും. സാമൂഹ്യ സേവന മേഖലകളിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതിവിതരണം എന്നീ മേഖലകളിലെ 141 പദ്ധതികളിലേക്കായി 9835.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സാമൂഹിക നിലവാര സൂചികകളിൽ തുടർന്നും മെച്ചപ്പെട്ട നില ഉറപ്പുവരുത്തുവാൻ കേരളത്തിന് കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾ സഹായകമാകും എന്നതിൽ സംശയമില്ല. |

**ജോയിന്റ് സെക്രട്ടറി**